## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 348 10.12.2012 -ൽ മറുപടിയ്ക്ക്

## വ്യവസ്ഥകൾക്ക് വിരുദ്ധമായ അന്വേഷണ ചുമതല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഇ. പി. ജയരാജൻ :<br>ശ്രീ സി. കെ. സദാശിവൻ :<br>ശ്രീ എസ്. രാജേന്ദ്രൻ :<br>ശ്രീമതി കെ. കെ. ലതിക: | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

എ) അധികാരപരിധിക്ക പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥന് അന്വേഷണച്ചുമതല കൈമാറുന്നത് നിയമാനുസൃതമാണോ ; വിശദമാക്കാമോ ; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിരീക്ഷണവും ഉണ്ടായിട്ടുണ്ടോ ;

(എ) 1973 – ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ വകുപ്പ് 36- ൽ ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ മീതെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക്, അങ്ങനെയുള്ള ഉദ്യോഗസ്ഥന്, അയാളുടെ സ്റ്റേഷൻ അതിർത്തിക്കുള്ളിൽ പ്രയോഗിക്കാവുന്ന അതേ അധികാരങ്ങൾ അവരെ നിയമിച്ച തദ്ദേശ പ്രദേശത്തിൽ എല്ലായിടത്തും പ്രയോഗിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

കേരളാ പോലീസ് ആക്റ്റിലെ വകുപ്പ് 18 (3)- ൽ കേരള സംസ്ഥാനത്ത് പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്ന എല്ലാ ആളുകളും സംസ്ഥാന പോലീസ് മേധാവിയുടെ കീഴുദ്യോഗസ്ഥർ ആയിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

കേരളാ പോലീസ് ആക്റ്റിലെ, വകുപ്പ് 22- ൽ ഒരു പോലീസുദ്യോഗസ്ഥന് തന്റെ കീഴുദ്യോഗസ്ഥന്, നിയമപ്രകാരമോ നിയമ പ്രകാരമുള്ള ഉത്തരവ് വഴിയോ ഏല്പിച്ച് കൊടുക്കപ്പെട്ട ഏതൊരു ചുമതലയും സ്വയം നിർവ്വഹിക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 36, 157 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളും, കേരള പോലീസ് ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകളും പ്രകാരം അധികാര പരിധിക്ക പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ടീമിനെ അന്വേഷണ ചുമതല ഏല്പിക്കുന്നത് നിയമാനുസൃതമാണ്.

ഒരു കേസിന്റെ അന്വേഷണത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നതിനെതിരെ ഹൈക്കോടതി നിരീക്ഷണം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ബി) ഈ സർക്കാർ എത്ര കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷന്റെ അധികാരപരിധിക്ക് പുറത്തുള്ള ഉദ്യോഗസ്ഥന് അന്വേഷണ ചുമതല കൈമാറിയിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) 225 കേസ്സുകൾ. സങ്കീർണ്ണമോ, നീചമോ, പ്രമാദമോ, പ്രത്യേക പ്രാധാന്യമുള്ളതോ ആയ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് പ്രത്യേക യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ക്രമീകരണങ്ങൾ നടത്തുന്നതിനും കേരള പോലീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരമാണ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്കു പുറത്തുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന പോലീസ് മേധാവിയും, റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാരുമാണ് പ്രധാനമായും ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിന് പ്രാപ്തരും അനുയോജ്യരും ആയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് ഇപ്രകാരം ടീമുകൾ രൂപീകരിച്ചിട്ടുള്ളത്.

സി) ക്രിമിനൽ നടപടി ക്രമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയിൽനിന്നും പിന്മാറാനും അന്വേഷണങ്ങളിൽ നിഷ്പക്ഷത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

(സി) നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടികൾ ഒന്നും കേസന്വേഷണത്തിനായി സ്വീകരിച്ചിട്ടില്ല. കേസ് അന്വേഷണങ്ങളിൽ നിഷ്പക്ഷത പുലർത്തുന്നതിന് ഓരോ കേസുകളിലും പോലീസ് ജാഗ്രതയോടെ പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ